**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 310** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര, വിദേശ വിമാന യാത്ര നിരക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | എയർലൈൻ കമ്പനികൾ ചില സമയങ്ങളിൽ വിമാന ടിക്കറ്റ് നിരക്കുകൾ കുത്തനെ വർദ്ധിപ്പിച്ച് പ്രവാസി മലയാളികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിമാനയാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര വ്യോമയാന വകുപ്പായതിനാൽ ഇക്കാര്യത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും, വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ 1994-ൽ എയർ കോർപ്പറേഷൻ നിയമം റദ്ദാക്കിക്കൊണ്ട് നിരക്ക് നിയന്ത്രണം എടുത്തു കളഞ്ഞിട്ടുള്ളതിനാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങളിലെ 135 (1) പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. |
| (ബി) | ആഭ്യന്തര, വിദേശ വിമാന യാത്ര നിരക്കുകൾ ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഈ വിഷയം സംബന്ധിച്ച് കേന്ദ്രസർക്കരിന് കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ നിവേദനം നൽകിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിലും മുഖ്യമന്ത്രി 14.09.2021-ൽ ബഹു.കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിയ്ക്ക് കത്തയച്ചിട്ടുള്ളതും, ആയതിന് 24.09.2021-ൽ കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രി, മുകളിൽ പ്രതിപാദിച്ചിട്ടുള്ളതിൻ പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ